**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2895

18.06.2018- ൽ
മറുപടിയ്ക്ക്

## റവന്യൂ ഭൂമിയിൽ കുടിൽകെട്ടി താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകാൻ നടപടി

ചോദ്യം
ശ്രീ.കെ.കുഞ്ഞിരാമൻ

മറുപടി
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) കാസർഗോഡ് ജില്ലയിൽ പുല്ലൂർ വില്ലേജിൽ ആർ.എസ്. നം. 61 -ൽ പ്പെട്ട റവന്യൂ ഭൂമിയിൽ കുടിൽകെട്ടി വർഷങ്ങളായി താമസിച്ചുവരുന്ന 17 കുടുംബങ്ങൾക്ക് പട്ടയം നൽകാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വർഷങ്ങളായി കുടിൽകെട്ടി താമസിച്ചുവരുന്ന ഇവർക്ക് പട്ടയം ലഭിക്കാത്തതിനാൽ വാസയോഗ്യമായ വീട് നിർമ്മിക്കാൻ സർക്കാർ പദ്ധതിയിൽ അനുമതി ലഭിച്ചിട്ടും വീട് നിർമ്മിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ആളുകൾക്ക് അടിയന്തരമായി പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;വിശദാംശങ്ങൾ അറിയിക്കാമോ?

എ) ബി) & സി) ഉണ്ട്. ഹോസ്ദുർഗ്ഗ് താലൂക്കിൽ പുല്ലൂർ വില്ലേജിൽ റീ.സർവ്വെ നം.61-ൽപ്പെട്ട ഗവ.ഭൂമിയിൽ അനധികൃതമായി താമസിച്ച് വരുന്ന 17 കുടുംബങ്ങളുടെ പേരിൽ കേരളാ ഭൂസംരക്ഷണ നിയമപ്രകാരം തഹസിൽദാർ സ്വീകരിച്ച ഒഴിപ്പിക്കൽ നടപടികൾക്കെതിരെ കാഞ്ഞങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപ്പീൽ നൽകിയിട്ടുള്ളതും ആയതിൻമേൽ സ്റ്റേ സമ്പാദിച്ചിട്ടുള്ളതുമാണ്. പ്രസ്തുത അപ്പീൽ തീർപ്പായതിന് ശേഷം മാത്രമേ അർഹത പരിശോധിച്ച് പതിവ് അപേക്ഷകളിൽ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

Indu.S.S

**സെക്ഷൻ ഓഫീസർ**